E/135059/MZ/406/2025-K

മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, ഫോൺ : - 0471-2316275

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

മ്യൂസിയം മൃഗശാല വകുപ്പിലെ ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് വേണ്ടി ഡ്രൈവർ ഇല്ലാതെ ( ഒരു മാസത്തിൽ 2000 കിലോമീറ്റർ ഓടുന്നതിനും ടി കിലോമീറ്ററിൽ കൂടുതൽ ഓടിയാൽ കിലോമീറ്ററിന് എത്ര രൂപയ്ക്ക് ഓടാം എന്നുള്ളത് TDS ഉൾപ്പെടെ ) ( **ടൊയോട്ട ഇന്നോവ വാഹനം ഡീസൽ ഉൾപ്പെടെ** ) സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് ദിവസ വാടകയ്ക്ക് വാഹനം നൽകാൻ താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിയ്ക്കുന്നു.വാഹനത്തിന്റെ റിപ്പയറിംഗ് വാഹന ഉടമ നടത്തേണ്ടതാണ്.വാഹനം 5 വർഷത്തിനുള്ളിൽ പഴക്കമുള്ളതായിരിക്കണം.

ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് " തിരുവനന്തപുരം മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ദിവസ വാടകയ്ക്ക് വാഹനം നൽകുന്നതിനുള്ള ക്വട്ടേഷൻ " എന്ന് രേഖപ്പെടുത്തി 03/07/2026 ന് ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക്ക് മുൻപായി മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.ക്വട്ടേഷനുകൾ അന്നേ ദിവസം 3.30 മണിയ്ക്ക് അവ സമർപ്പിച്ചരുടെയോ,അവർ രേഖാമൂലം ചുമതലപ്പെടുത്തിയവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും,ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ഉത്തരവ് നൽകുന്നതുമാണ്.ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.ക്വട്ടേഷനോടൊപ്പം ഒരു തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.ക്വട്ടേഷൻ കാരണം കൂടാതെ നിരസിക്കുന്നതിനോ , മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.കൂടാതെ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മ്യൂസിയം മൃഗശാല ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

ഡയറക്ടർ
Digitally signed by
Manjuladevi P S
Date: 16-06-2026
14:47:41

നോട്ടീസ് ബോർഡ്